Website: www.kwa.kerala.gov.in
Mobile/ Whatsapp: +919495998258

Tel. 0471-2738300
Consumer Helpline Number
1916 [24X7] [Toll Free]
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. **KWAJB/1009/2026R1(RMC)** തീയതി: **11-02-2026**

പ്രേഷകൻ

മാനേജിങ് ഡയറക്ടർ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് ഡയറക്ടർ,
കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്,
മെഡിക്കൽ കോളേജ് പി. ഓ., തിരുവനന്തപുരം - 695011.

സർ,

വിഷയം: കെ.ഡബ്ല്യൂ.എ. - ആർ.എം.സി. - പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതി പ്രകാരം പൂർത്തീകരിച്ച ഭവനങ്ങൾക്ക് കെട്ടിട നമ്പർ ലഭിക്കുന്നതിന് മുമ്പ് വാട്ടർ കണക്ഷൻ അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന : കുടുംബശ്രീ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ **26/01/2026** ലെ **KSHO/27 /2026- N** നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ ഭവനങ്ങൾക്ക് അവസാന ഗഡു ധനസഹായം ലഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ (വാട്ടർ കണക്ഷൻ ഉൾപ്പെടെ) ലഭ്യമാകേണ്ടതുണ്ട്. എന്നാൽ ഇത്തരം ഭവനങ്ങൾക്ക് കെട്ടിട നമ്പർ ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം അവസാന ഗഡു വിതരണം ചെയ്യുന്നതിനും ഗുണഭോക്താക്കളുടെ താമസം ആരംഭിക്കുന്നതിനും തടസ്സമാകുന്നതായും, ആയതിനാൽ കെട്ടിട നമ്പർ ലഭിക്കുന്നതിന് മുൻപ് തന്നെ ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നഗരസഭ സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ ചട്ടപ്രകാരം കെട്ടിട നമ്പർ അനുവദിച്ച വീടുകൾക്ക് മാത്രമേ ഗാർഹിക കണക്ഷൻ നൽകാറുള്ളൂ. എങ്കിലും, ഭവന പദ്ധതിയുടെ സുഗമമായ പൂർത്തീകരണം ലക്ഷ്യമിട്ട് ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് മാത്രമായി താഴെ പറയുന്ന പ്രത്യേക നിബന്ധനകളോടെ ഇളവുകൾ അനുവദിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി നൽകുന്ന താത്കാലിക കെട്ടിട നമ്പർ / സാക്ഷ്യപത്രം, ഗുണഭോക്താവിന്റെ ആധാർ കാർഡ് എന്നിവയുടെ അടിസ്ഥാനത്തിൽ വാട്ടർ കണക്ഷൻ അനുവദിക്കാവുന്നതാണ്. കെട്ടിട നമ്പർ ലഭിക്കുന്ന മുറയ്ക്ക് അതാത് വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസുകളിൽ വിവരം അറിയിക്കുമെന്നും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിക്കൊള്ളാമെന്നും ഗുണഭോക്താവ് വെള്ളക്കടലാസിൽ സത്യവാങ്മൂലം നൽകേണ്ടതാണ്. ഈ ആനുകൂല്യം ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഭവനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നൽകുന്ന താത്കാലിക കെട്ടിട നമ്പർ അല്ലെങ്കിൽ സാക്ഷ്യപത്രത്തിന്മേൽ ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

**P B Nooh IAS**
**MANAGING DIRECTOR**

പകർപ്പ് : എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനിയർ മാർക്കും അറിവിലേക്കും തങ്ങളുടെ കീഴിലുള്ള ഓഫീസികളിലേക്ക് നിർദേശം നല്കുന്നതിനുമായി.